**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **08-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം പദ്ധതിക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതം ആണെന്ന് വിശദമാക്കുമോ; | (എ) | 60:40 എന്ന അനുപാതത്തിലാണ് കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ഉച്ചഭക്ഷണ പദ്ധതിക്ക് തുക അനുവദിക്കുന്നത്. ഭക്ഷ്യധാന്യത്തിന്റെ വില, പാചകചെലവ്, പാചകത്തൊഴിലാളികളുടെ ഓണറേറിയം, ഭക്ഷ്യധാന്യത്തിന്റെ കടത്തുകൂലി, എം.എം.ഇ (മാനേജ് മെന്റ് മോണിറ്ററിംഗ് & ഇവാലുവേഷൻ) എന്നീ ഇനങ്ങളിലായാണ് തുക അനുവദിക്കുന്നത്. ഫണ്ടിങ്ങ് പാറ്റേൺ 60:40 ആണെങ്കിലും സംസ്ഥാന മാൻഡേറ്ററി വിഹിതമായ 40 ശതമാനം തുകയേക്കാൾ കൂടുതൽ തുക സംസ്ഥാന സർക്കാർ പദ്ധതി നടത്തിപ്പിനായി ചെലവിടുന്നുണ്ട്. 2022-23 വർഷത്തെ ടി പദ്ധതി നടത്തിപ്പിനായി 567.64 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര വിഹിതമായി ലഭ്യമാകേണ്ടത് 278.96 കോടി രൂപയാണ്. 288.68 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കുള്ള സംസ്ഥാന വിഹിതം. |
| (ബി) | കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടും സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കാത്തത് മൂലം ബന്ധപ്പെട്ടവർ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഭക്ഷ്യധാന്യത്തിന്റെ വില, പാചകത്തൊഴി ലാളികളുടെ ഓണറേറിയം, ഭക്ഷ്യധാന്യ ത്തിന്റെ കടത്തുകൂലി, എം.എം.ഇ (മാനേജ്- മെന്റ് മോണിറ്ററിംഗ് & ഇവാലുവേഷൻ) എന്നീ ഇനങ്ങളിൽ യാതൊരു വർദ്ധനവും കേന്ദ്ര സർക്കാർ വരുത്തിയിട്ടില്ല. എന്നാൽ പാചകചെലവിന്റെ (മെറ്റീരിയൽ കോസ്റ്റ്) മാൻഡേറ്ററി നിരക്കുകളിൽ 01 -10 -2022 തീയതി പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ വർദ്ധനവ് പ്രഖ്യാപിച്ചിട്ടുണ്ട് . ഇത് പ്രകാരം പ്രൈമറി വിഭാഗത്തിലെ ഒരു കുട്ടിക്ക് ഒരു ദിവസം അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് |

| | | | |
|---|---|---|---|
| | | | (കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടെ) 4.97 രൂപയിൽ നിന്ന് 5.45 രൂപയായും അപ്പർ പ്രൈമറി വിഭാഗത്തിന്റേത് 7.45 രൂപയിൽ നിന 8.17 രൂപയായുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്ത് നിലവിൽ 6 രൂപ/7രൂപ/8രൂപ എന്നിങ്ങനെ 3 സ്ലാബുകളിലായാണ് മെറ്റീരിയര കോസ്റ്റ് അനുവദിച്ച് വരുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ മാൻഡേറ്ററി നിരക്കുകളിൽ അപ്പർപ്രൈമറി വിഭാഗത്തിനുള്ള നിരക്ക് (8.17 രൂപ) മാത്രമാണ് സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ ഉയർന്നു നിൽക്കുന്നത്.പൊതുവിപണിയിൽ ഭക്ഷ്യസാധന ങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതിയിൽ പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | നിത്യോപയോഗ സാധനങ്ങൾക്ക് ഭീമമായ വിലക്കയറ്റം നേരിടുന്ന ഈ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതത്തിൽ വർദ്ധനവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഭക്ഷ്യധാന്യത്തിന്റെ വില, പാചകത്തൊഴി ലാളികളുടെ ഓണറേറിയം, ഭക്ഷ്യധാന്യ ത്തിന്റെ കടത്തുകൂലി, എം.എം.ഇ (മാനേജ്- മെന്റ് മോണിറ്ററിംഗ് & ഇവാലുവേഷൻ) എന്നീ ഇനങ്ങളിൽ യാതൊരു വർദ്ധനവും കേന്ദ്ര സർക്കാർ വരുത്തിയിട്ടില്ല. എന്നാൽ പാചകചെലവിന്റെ (മെറ്റീരിയൽ കോസ്റ്റ്) മാൻഡേറ്ററി നിരക്കുകളിൽ 01 -10 -2022 തീയതി പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ വർദ്ധനവ് പ്രഖ്യാപിച്ചിട്ടുണ്ട് . ഇത് പ്രകാരം പ്രൈമറി വിഭാഗത്തിലെ ഒരു കുട്ടിക്ക് ഒരു ദിവസം അനുവദിക്കുന്ന മെറ്റീരിയൽ കോസ്റ്റ് (കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഉൾപ്പെടെ) 4.97 രൂപയിൽ നിന്ന് 5.45 രൂപയായും അപ്പർ പ്രൈമറി വിഭാഗത്തിന്റേത് 7.45 രൂപയിൽ നിന്ന് 8.17 രൂപയായുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്ത് നിലവിൽ 6 രൂപ/7രൂപ/8രൂപ എന്നിങ്ങനെ 3 സ്ലാബുകളിലായാണ് മെറ്റീരിയൽ കോസ്റ്റ് അനുവദിച്ച് വരുന്നത്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ മാൻഡേറ്ററി നിരക്കുകളിൽ അപ്പർപ്രൈമറി വിഭാഗത്തിനുള്ള നിരക്ക് (8.17 രൂപ) മാത്രമാണ് സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ ഉയർന്നു നിൽക്കുന്നത്.പൊതുവിപണിയിൽ |

| | | | |
|---|---|---|---|
| | | | ഭക്ഷ്യസാധന ങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയിൻ കീഴിൽ സപ്ലിമെന്ററി ന്യൂട്രിഷനായി സ്കൂൾ കുട്ടികൾക്ക് അനുവദിച്ചുവരുന്ന പാൽ, മുട്ട, നേന്ത്രപ്പഴം എന്നിവയ്ക്കാവശ്യമായി വരുന്ന തുക ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കുന്ന കാര്യവും 01.10.2022 തീയതിയിൽ പ്രാബല്യത്തിൽ കേന്ദ്രസർക്കാർ മെറ്റീരിയൽ കോസ്റ്റ് (പാചക ചെലവ്) ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ